പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2274 13.02.2013 ൽ മറുപടിയ്ക്ക്

## കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പാലക്കാട് ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) പാലക്കാട് ജില്ലയിൽ കണക്ഷൻ നൽകുവാനുള്ള കാർഷിക അപേക്ഷകളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു. |

| താലൂക്ക് | അപേക്ഷകളുടെ എണ്ണം |
|---|---|
| പാലക്കാട് | 25 |
| ഒറ്റപ്പാലം | 171 |
| ആലത്തൂർ | 43 |
| ചിറ്റൂർ | 71 |
| മണ്ണാർക്കാട് | 1 |

| | |
|---|---|
| (സി) അടിയന്തിര പ്രാധാന്യത്തോടെ കണക്ഷൻ കൊടുക്കേണ്ട ഇത്തരം | (സി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച |

(.......2)

| | |
|---|---|
| അപേക്ഷകളിന്മേൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | സപ്ലൈ കോഡ് 2005, വകുപ്പ് 7 (1) പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് ബോർഡിനെ അധികാരപ്പെടുത്തി യിട്ടുണ്ട്. സപ്ലൈ കോഡിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ഈടാക്കി മാത്രമേ കണക്ഷനുകൾ നൽകാവൂ എന്ന നിർദ്ദേശവും കമ്മീഷൻ 10.11.2011 - ൽ നൽകിയിട്ടുണ്ട്. അതിനാൽ കാർഷിക ആവശ്യ ത്തിനുള്ള വൈദ്യുതി കണക്ഷനുകൾ കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം ന്യായമായ നിരക്കിൽ ചെലവ് ഇടാക്കി മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള തുക അടയ്ക്കുന്ന അപേക്ഷകർക്ക് കാലതാമസമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. |
| (ഡി) കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതി കണക്ഷൻ കാലതാമസമില്ലാതെ നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) കണക്ഷന് ചെലവാകുന്ന തുക അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷനുകൾ കാലതാമസമില്ലാതെ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ഒന്നിച്ചടയ്ക്കുവാൻ കഴിയാത്ത അപേക്ഷകർക്ക് തവണ വ്യവസ്ഥയിൽ അടയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ